ചവറ കെ.എം.എം.എൽ-ലെ ടൈറ്റാനിയം സ്പോഞ്ച് യൂണിറ്റ്

142 (6306) ശ്രീ. ബി. രാഘവൻ :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. കെ. സി. രാജഗോപാലൻ :
ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചവറ കെ. എം. എം. എൽ-ൽ ടൈറ്റാനിയം സ്പോഞ്ച് യൂണിറ്റ് ആരംഭിക്കുന്നതിനുള്ള പദ്ധതിയിൽ ഐ. എസ്. ആർ. ഒ. എത്ര കോടി രൂപ മുതൽ മുടക്കുമെന്ന് വെളിപ്പെടുത്തുമോ ;

(ബി) കമ്പനിയിൽ ടൈറ്റാനിയവുമായി ബന്ധപ്പെട്ട ഏതെല്ലാം ഉല്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുന്നതിനാണ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത് ;

(സി) പദ്ധതിയുടെ പ്രവർത്തനം സമയബന്ധിതമായി പൂർത്തിയാക്കാൻ പ്രത്യേക ശ്രദ്ധ നൽകുമോ ?.

ഉത്തരം

(എ) 143.11 കോടി രൂപ

(ബി) ടൈറ്റാനിയം സ്പോഞ്ച് ഉൽപ്പാദിപ്പിക്കുന്നതിനുള്ള പദ്ധതി മാത്രമേ ആവിഷ്കരിച്ചിട്ടുള്ളൂ.

(സി) സ്പോഞ്ച് പദ്ധതിയുടെ പ്രവർത്തനം സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുവേണ്ടി ആഴ്ചയിൽ ഒരിക്കൽ അതിന്റെ പ്രവർത്തനം അവലോകനം ചെയ്ത് തക്കതായ തീരുമാനങ്ങൾ എടുക്കാറുണ്ട്. ബഹു: വ്യവസായ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിലും സെക്രട്ടറി തലത്തിലും എല്ലാ മാസവും പ്രത്യേകം അവലോകന യോഗങ്ങൾ നടത്തി പ്രവർത്തന പുരോഗതി വിലയിരുത്താറുമുണ്ട്.

ജയ്ഹിന്ദ് ഓയിൽ മിൽസിന് അലോട്ട് ചെയ്ത ഭൂമി

143 (6307) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അരൂർ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ ജയ്ഹിന്ദ് ഓയിൽ മിൽസിന് അലോട്ട് ചെയ്ത ഭൂമി വെറുതെ കിടക്കാൻ തുടങ്ങിയിട്ട് എത്ര നാളായെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ ഭൂമിയിൽ കെൽട്രാക്കിന്റെ പ്രൊഫഷണലുകൾക്കുള്ള ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടോ, ഐ.എച്ച്.ആർ.ഡി.യുമായി ചേർന്ന് കോളേജോ നിർമ്മിക്കുന്നതിന് അനുമതി നൽകുമോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 1988 മുതൽ ജയ് ഹിന്ദ് ഓയിൽ മിൽസ് പ്രവർത്തനരഹിതമാണ്. 23-5-2001-ൽ സ്ഥലം തിരിച്ചെടുക്കുകയും ആയതിൽ നിന്നും 1 ഏക്കർ മെ. ബാദുഷ മറൈൻ എക്സ്പോർട്ട്സ് (പ്രൈ) ലിമിറ്റഡ് എന്ന സ്ഥാപനത്തിന് 11-7-2005 -ൽ റീ അലോട്ട് ചെയ്യുകയും ചെയ്തു. എന്നാൽ സ്ഥലം തിരിച്ചെടുത്തതിനെതിരെ മെ.ജയ്ഹിന്ദ് ഓയിൽ മിൽസ് ബഹു:ഹൈക്കോടതിയിൽ ഹരജി ചെയ്ത ഡബ്ല്യു. പി.(സി)നം.21400/06 നമ്പർ പെറ്റീഷൻ തീർപ്പാക്കാത്തതിനാലാണ് സ്ഥലം റീ അലോട്ട് ചെയ്തുകൊണ്ടുള്ള ഉത്തരവ് നടപ്പാക്കാൻ കഴിയാത്തത്.

(ബി) വ്യവസായ ആവശ്യങ്ങൾക്കായി അക്വയർ ചെയ്തിട്ടുള്ള സ്ഥലം വ്യവസായേതര ആവശ്യങ്ങൾക്ക് നൽകുന്നതിന് നിയമപരവും സാങ്കേതികവുമായ തടസ്സങ്ങൾ ഉണ്ട്.

കുറ്റിപ്പുറത്തെ കേരള സോപ്സ് ആന്റ് ഡിറ്റർജന്റ്സ് കെമിക്കൽസ്

144 (6308) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുറ്റിപ്പുറത്തെ കേരള സോപ്സ് ആന്റ് ഡിറ്റർജന്റ് കെമിക്കൽസ് എന്ന സ്ഥാപനം അടച്ചു പൂട്ടുകയുണ്ടായോ ;

(ബി) എങ്കിൽ അതിന്റെ കാരണമെന്തെന്ന് വ്യക്തമാക്കുമോ ;

(സി) എത്ര തൊഴിലാളികൾ പ്രസ്തുത സ്ഥാപനം പൂട്ടുന്ന അവസരത്തിൽ ജോലി ചെയ്തിരുന്നു ;

(ഡി) എന്തൊക്കെ ആനുകൂല്യങ്ങളാണ് പ്രസ്തുത തൊഴിലാളികൾക്ക് ഇതിനകം നൽകിയത് ;

(ഇ) ഇപ്പോൾ പ്രസ്തുത ഭൂമി കിൻഫ്രയ്ക്ക് കൈമാറിയിട്ടുണ്ടോ ;

(എഫ്) എങ്കിൽ എത്ര ഏക്കർ ഭൂമിയാണ് കിൻഫ്രയക്ക് കൈമാറിയത് ;

(ജി) കിൻഫ്ര പ്രസ്തുത സ്ഥലത്ത് സംരംഭകരെ കണ്ടെത്തുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തൊക്കെ ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(എച്ച്) ഇതിനകം സംരംഭകരെ തെരഞ്ഞെടുത്തിട്ടുണ്ടോ ; എങ്കിൽ എത്ര പേരെ ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ഐ) പ്രസ്തുത ഭൂമിക്ക് നിശ്ചയിച്ചിരിക്കുന്ന വിലയെത്ര ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly